	ഭൂപണയ ബാങ്ക്	രൂപ ലക്ഷത്തിൽ
17.	കണയന്നൂർ	18.69
18.	മുകുന്ദപുരം	31.82
19.	കൊച്ചി	23.07
20.	പാലക്കാട്	26.18
21.	തിരൂർ	22.54
22.	പെരിന്തൽമണ്ണ	47.80
23.	കോഴിക്കോട്	42.48
24.	കൊയിലാണ്ടി	14.45
25.	വടകര	16.61
26.	കണ്ണൂർ	40.27
27.	കാസർകോഡ്	28.57
28.	തലശ്ശേരി	35.98
29.	ഹോസ്ദുർഗ്	13.89
30.	വയനാട്	0.28

ഈ ബാങ്കുകളും ഓരോന്നും പ്രവർത്തനം ആരംഭിച്ചിട്ട് ഇന്നേവരെ വിതരണം ചെയ്ത വായ്പകളുടെ കണക്ക് ശേഖരിച്ചു വരികയാണ്.

(സി) ഒറ്റപ്പാലം താലൂക്കിൽ പുതിയ ഭൂപണയ ബാങ്ക് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല എന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ഡി) ഒറ്റപ്പാലം താലൂക്ക് പ്രവർത്തന മേഖലയായി 1974-ൽ ഭൂപണയ ബാങ്ക് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ ബാങ്കുകളും പ്രവർത്തനക്ഷമമാക്കുന്നകാര്യം റിസർവ്വ് ബാങ്കുമായും കേന്ദ്ര ഭൂപണയ ബാങ്കുമായും ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യോത്തര സമയം കഴിഞ്ഞു.

II. ശ്രദ്ധ ക്ഷണിക്കൽ

അച്ചൻകോവിലാറിന്റെ വലതു ഭാഗത്തുള്ള ആയിരം ഹെക്റ്ററിൽപരം വരുന്ന നിലങ്ങൾക്ക് ജലസേചന സൗകര്യം ലഭിക്കാത്തതു മൂലമുള്ള ബുദ്ധിമുട്ട്

ശ്രീ. പി. ജെ. ജോസഫ്: സർ, അച്ചൻകോവിലാറിന്റെ വലതു കരയിലുള്ള അരുവാപ്പലം, കോന്നി, മലയാലപ്പുഴ, മൈലപ്ര, പത്തനംതിട്ട, ഓമല്ലൂർ, ചെന്നിയൂർക്കര എന്നീ പഞ്ചായത്തുകളിൽപെട്ട 9.30 a.m] ആയിരം ഹെക്റ്റർ നിലങ്ങളിൽ വെള്ളം കൊടുക്കാനുള്ള ബാദ്ധ്യത പമ്പാ ഇറിഗേഷൻ പ്രോജക്റ്റിനാണെങ്കിലും ഇതേവരെയായി യാതൊരു പണിയും അവിടെ ചെയ്തിട്ടില്ല. കോഴഞ്ചേരിയിൽ നിന്നും ഒരു കനാൽ ഇലന്തൂർ വരെ വന്നുനിൽക്കുകയാണ്. അവിടെ നിന്നും വെള്ളം ലിഫ്റ്റു ചെയ്തെങ്കിൽ മാത്രമേ ഈ നിലങ്ങൾക്കു വെള്ളം കൊടുക്കാൻ കഴിയൂ. കാരണം ഈ നിലങ്ങൾ ഉയർന്നു കിടക്കുകയാണ്. അങ്ങനെ ലിഫ്റ്റു ചെയ്താൽ തന്നെയും വളരെ കുറഞ്ഞ നിലയിൽ മാത്രമേ വെള്ളം കൊടുക്കുവാൻ കഴിയൂ. പിന്നീടുള്ള സാധ്യത ഉദിമൂടു് അക്വഡക്ടിൽ നിന്നും മണ്ണാർക്കുളഞ്ഞി മലകയം ടണൽ പൊയ്തു വെള്ളം കൊടുക്കുകയെന്നുള്ളതാണ്. അതു തന്നെയും മൈലപ്ര മുതൽ താഴോട്ടുള്ള കുറേ നിലങ്ങൾക്കു മാത്രമേ ബാധകമാകുകയുള്ളൂ. സർ, ഈ പമ്പാ ഇറിഗേഷൻ പ്രോജക്റ്റിൽ നിന്നു

LIBRARY ARCHIVES Kerala Legislative Assembly

വെള്ളം കൊടുക്കാൻ കഴിയുമെന്നു ഉദ്ദേശിക്കുന്നതായി എനിക്കു തോന്നുന്നില്ല. കാരണം പത്തനംതിട്ടയിൽ ഉള്ള കൺസ്ട്രക്ഷൻ ഡിവിഷൻ ഒരു കൊല്ലം മുമ്പു തന്നെ കായംകുളത്തേയ്ക്കു മാറി. പമ്പാ ഇറിഗേഷൻ പ്രോജക്ടിന്റെ ഹെഡ്ക്വാർട്ടേഴ്സും, ആ പ്രോജക്ടും അന്നേയും എല്ലാം സ്ഥിതി ചെയ്യുന്നതു പത്തനംതിട്ട താലൂക്കിലാണെങ്കിലും ആ സ്കീമിൽ നിന്നും 5 ശതമാനം ബനിഫിറ്റു പോലും പത്തനംതിട്ട. താലൂക്കിനു ലഭിക്കുന്നില്ലെന്നുള്ളതാണ് വസ്തുത. ഈ സമയത്തു കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ പണി ആരംഭിച്ചിരിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ നടത്തിയതനുസരിച്ച് കല്ലട ഇറിഗേഷൻ പ്രോജക്ടിൽ നിന്നും ആവശ്യമായ വെള്ളം ആ ഭാഗത്തേയ്ക്കു കൊടുക്കുവാൻ സാധ്യതയുണ്ട്. കാരണം ആ പ്രോജക്ടിന്റെ കനാൽ ഹൈ ലവലിൽ വരുന്നതു കൊണ്ട് കോന്നിയിൽ അച്ചൻകോവിലാറിനു കുറുകെ ഒരു അക്വഡക്ടുണ്ടാക്കി ആയിരം ഹെക്ടർ നിലങ്ങൾക്കു നിഷ്പ്രയാസം വെള്ളം കൊടുക്കാൻ കഴിയുന്ന പരിതസ്ഥിതിയാണ് ഇന്നുള്ളത്. ഇതിനെ സംബന്ധിച്ച് പ്രോജക്ടും അഡ്വൈസറി കമ്മിറ്റിയിലും ഡി. ഡി. സി.-യിലും നിരന്തരമായി ചോദ്യങ്ങൾ ചോദിക്കുകയും അന്വേഷിക്കുകയും ചെയ്തപ്പോൾ ആ ഭാഗത്തു കല്ലട ഇറിഗേഷൻ പ്രോജക്ടിൽ നിന്നും വെള്ളം കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്, അതനുസരിച്ചുള്ള നടപടി സ്വീകരിച്ചു വരുന്നു എന്നുള്ളതാണ് കിട്ടിയ മറുപടി. ഇതിനു മുമ്പു ബഹുമാനപ്പെട്ട കെ. കെ. ബാലകൃഷ്ണൻ മന്ത്രിയായിരിക്കുമ്പോൾ അദ്ദേഹത്തെ ആ സ്ഥലത്തു കൊണ്ടു പോയി കാണിക്കുകയും അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ഇതൊക്കെയാണെങ്കിലും ഇപ്പോൾ കല്ലട ഇറിഗേഷൻ പ്രോജക്ടിൽനിന്നും വെള്ളം കൊടുക്കാൻ സാദ്ധ്യമല്ലെന്നു സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥൻമാർ അവിടത്തെ ഭൂപ്രകൃതിയോ കർഷകരുടെ ആവശ്യമോ പരിഗണിക്കുവാൻ തയ്യാറാകാതെ തീരുമാനമെടുത്തു എന്നു ഞാൻ മനസ്സിലാക്കുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ അങ്ങയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ആവശ്യപ്പെടുന്നത്. എനിക്ക് ഒരു കാര്യം പറയാനുണ്ട്. ഇപ്പോൾ കോന്നി ബ്രാഞ്ച് കനാലിന്റെ 6 കിലോമീറ്റർ പണി ടെൻഡർ ചെയ്തു കഴിഞ്ഞു. അത്യാവശ്യമായി ഈ സമയത്തു ഒരു തീരുമാനം എടുത്തില്ലെങ്കിൽ, ഒന്നുകിൽ ഈ കനാലിന്റെ കപ്പാസിറ്റി കൂട്ടുകയോ അല്ലെങ്കിൽ കനാൽ ലൈൻ ചെയ്യാനുള്ള ഏർപ്പാടു ചെയ്യുകയോ ചെയ്തില്ലെങ്കിൽ മറുഭാഗത്തുള്ള ആയിരം ഹെക്ടർ സ്ഥലത്തേക്കു വെള്ളം കൊടുക്കുവാനുള്ള ചാൻസ് ഒരിക്കലും ഉണ്ടാകുകയില്ലെന്നുള്ള വസ്തുതയാണ് എനിക്കു അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുവാനുള്ളത്. അതുകൊണ്ട് അങ്ങു തന്നെ നേരിട്ട് സാങ്കേതിക വിദഗ്ദ്ധൻമാരുമായി സ്ഥലത്തു വന്നു എങ്ങനെ ഈ സ്ഥലത്തേയ്ക്ക് വെള്ളം കൊടുക്കാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് ഒരു അന്വേഷണം നടത്തുകയും സത്വരമായ നടപടി സ്വീകരിക്കുകയും ചെയ്യണം. കാരണം ടെൻഡർ ചെയ്ത വർക്കു തുടങ്ങിയാൽ പിന്നീട് ആൾട്ടർ ചെയ്യാൻ സാദ്ധ്യമല്ല എന്നുള്ളതു കൊണ്ട് ഇപ്പോൾ തന്നെ വ്യക്തമായ തീരുമാനം എടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ): സർ, അച്ചൻകോവിലാറിന്റെ വലതു ഭാഗത്തു സ്ഥിതി ചെയ്യുന്ന പത്തനംതിട്ട താലൂക്കിൽപെട്ട പഞ്ചായത്തുകൾക്കാണ് ഏതാണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ആയിരം ഹെക്ററർ വരുന്ന സ്ഥലത്താണ് കല്ലട പദ്ധതിയിൽ നിന്നോ അല്ലെങ്കിൽ പമ്പാ പദ്ധതിയിൽ നിന്നോ ഇന്നു ജല സേചന മാർഗ്ഗം നീട്ടിക്കൊണ്ടു പോകാൻ സാധിക്കാതെ വന്നിട്ടുള്ളത്. ഈ രണ്ടു പദ്ധതികളും ആവിഷ്ക്കരിക്കുന്ന കാലത്തുതന്നെ ഈ പ്രദേശത്തു ജലസേചനം നടത്താമെന്ന ഒരു നിഗമനം ഉണ്ടായിരുന്നില്ല. ഇതേ വരെയും അതിനെക്കുറിച്ചുള്ള ആക്ഷേപം ഉണ്ടാകാതിരുന്നതിൽ നിന്നു തന്നെ അതു വളരെ വ്യക്തമാണ്. ഈ പ്രദേശത്തു പ്രത്യേകമായിട്ടുള്ള ഭൂപ്രകൃതി കണക്കിലെടുക്കുമ്പോൾ കല്ലട ജല സേചന പദ്ധതിയിൽ നിന്നും ഈ കോന്നി കനാലിനു വീതി കൂട്ടി ആ കനാലിൽ കൂടി അച്ചൻ കോവിലാറു കടന്നു അതിന്റെ വടക്കേ വശമുള്ള പത്തനംതിട്ട താലൂക്കിൽ പെട്ട ഈ പഞ്ചായത്തുകൾക്കു ജലസേചനം നീട്ടിക്കൊണ്ടു പോകണമെങ്കിൽ സുമാർ കണക്കെടുക്കുമ്പോൾ ഒരു കോടി മുപ്പത്തു ലക്ഷം രൂപ ചെലവു വരുന്നുണ്ട്. അതുമൂലം ഗുണം ലഭിക്കുന്നത് ഏതാണ്ട് ആയിരം ഹെക്ററർ ഭൂമിക്കാണ്. ഇതു സാമാന്യേന വൈദഗ്ദ്ധ്യമുള്ള ആളുകൾ പരിശോധിക്കാതെ തന്നെ നമുക്കെല്ലാം തന്നെ ഒരു എക്കണോമിക്ക് പ്രൊപ്പോസിഷൻ അല്ലെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. അതുകൊണ്ടാണ് അതിനുവേണ്ടി ശ്രമിക്കാതിരുന്നിട്ടുള്ളത്. മറെറാരു നിർദ്ദേശമുണ്ടായതു പമ്പാ പ്രോജക്ററിൽനിന്നും ഈ നാലഞ്ചു പഞ്ചായത്തുകളിലെ ആയിരം ഹെക്ററർ സ്ഥലത്തു ജലസേചനം നടത്താൻ മാർഗ്ഗമുണ്ടോ എന്നുള്ളതാണ്. അതും പരിശോധിക്കേണ്ട കാര്യമാണ്. അതും ഇതു പോലെ കോന്നി കനാൽ വീതിപ്പെടുത്തി ജലസേചനം ചെയ്യാൻ സാധിക്കുന്നതു പോലെ പമ്പാ പദ്ധതിയിൽ നിന്നും പററുകയില്ല. നേരെ മറിച്ച് അവിടെ ഒരു ടണൽ ഉണ്ടാക്കി, ആലുവായിൽ മണ്ണാർകുളഞ്ഞി എന്ന സ്ഥലത്തു ഒരു ടണൽ ഉണ്ടാക്കി ആ ടണൽ വഴി വേണം ഈ പ്രദേശത്തേയ്ക്ക് കൊണ്ടു വരാൻ. അങ്ങനെ കൊണ്ടു വന്നാൽ ഈ പറഞ്ഞ എല്ലാ പഞ്ചായത്തുകളിലും ജലസേചനം നടത്താൻ കഴിയുമോ എന്നു പരീക്ഷിച്ചു തന്നെ നോക്കണം. അതിന്റെ അന്വേഷണങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. ഈ അടുത്ത കാലഘട്ടത്തിൽ ഇക്കാര്യത്തെ സംബന്ധിച്ച് ഡി. ഡി. സി. യിൽ പ്രതിപാദിക്കുകയുണ്ടായി. ഈ ആവശ്യം ഉന്നയിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് ചില അന്വേഷണങ്ങൾ ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നത്. പമ്പയിൽനിന്നും നീട്ടിക്കൊണ്ടുപോയി ജലസേചനം നടത്തണമെന്ന കാര്യം ഇതേവരെ ഉപേക്ഷിച്ചിട്ടില്ല. നേരെ മറിച്ച് കല്ലട പ്രോജക്ററിൽനിന്നും നീട്ടിക്കൊണ്ടു പോകുന്ന കാര്യം അതിന്റെ അസാദ്ധ്യമായ ചെലവു പരിഗണിച്ച് വേണ്ടെന്നു വച്ചിരിക്കുകയാണ്. നേരെ മറിച്ച് പമ്പയെ സംബന്ധിച്ച കാര്യം ഇപ്പോഴും അന്വേഷണത്തിലിരിക്കുകയാണ്. അതു സാധിക്കുമെങ്കിൽ ഈ ആയിരം ഹെക്ററർ സ്ഥലത്തുകൂടി ജലസേചനം നീട്ടിക്കൊണ്ടു പോകാനുള്ള മാർഗ്ഗം ഗവൺമെൻറ് ആരായുമെന്നും പറയാൻ ഞാനാഗ്രഹിക്കുന്നു.

III. മേശപ്പുറത്തു വയ്ക്കുന്ന കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ഞാൻ താഴെ പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

(i) 1978 ഡിസംബർ 16 -ാം തീയതിയിലെ ജി. ഒ. (എം). എസ്. നമ്പർ 551/78 ജി. എ. ഡി. (എസ്, ആർ. ഒ. നമ്പർ 38/79).

LIBRARY ARCHIVES Kerala Legislative Assembly